


*അവ്യക്ത ബാപ്ദാദ*

## നഷ്ടോമോഹ

നഷ്ടോമോഹ ആകുമ്പോഴാണ് സ്മൃതിസ്വരൂപമാകുന്നത്. നഷ്ടോമോഹ സ്മൃതിസ്വരൂപമായോ അതോ ഇപ്പോഴും വിസ്മൃതി സ്വരൂപമാണോ? സ്മൃതിസ്വരൂപത്തിൽ നിന്നും വിസ്മൃതിസ്വരൂപമാകുന്നത് എന്തുകൊണ്ട്? തീർച്ചയായും ഏതെങ്കിലുമൊക്കെ മോഹം അതായത് അടുപ്പം ഇപ്പോഴും അവശേഷിക്കുന്നു. ബാബയ്ക്ക് നൽകിയ ആദ്യ വാഗ്ദാനം – മറ്റ് കൂട്ടുകൾ വെടിഞ്ഞ് ഒരു കൂട്ട് ചേർക്കാം – ഈ ആദ്യ വാഗ്ദാനം പാലിക്കുവാൻ അറിയില്ലേ? ആദ്യ വാഗ്ദാനം പാലിക്കാതിരുന്നാൽ ആദ്യ നമ്പറിലെ പൂജ്യരിൽ, രാജ്യാധികാരിയിൽ, രാജ്യസംബന്ധത്തിൽ എങ്ങനെ വരും? രണ്ടാമത്തെ ജന്മത്തിലെ രാജ്യത്തിൽ വരണമെന്നാണോ? ആര് നഷ്ടോമോഹ ആകുന്നതിന്റെ ആദ്യ വാഗ്ദാനം പാലിക്കുന്നുവോ, അവർ ആദ്യ ജന്മത്തിന്റെ രാജ്യത്തിൽ വരുന്നു. ആദ്യ വാഗ്ദാനം എന്ന് പറയാം, ആദ്യ പാഠമെന്ന് പറയാം, ജ്ഞാനിയുടെ ആദ്യ കാര്യമെന്ന് പറയാം, അലൗകിക ജന്മത്തിന്റെ ആദ്യ ശ്രേഷ്ഠ സങ്കല്പമെന്ന് പറയാം, – ഇതിനെ പാലിക്കുന്നത് പ്രയാസമായി തോന്നുന്നുവോ ? സ്വന്തം സ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതും സ്വന്തം സ്മൃതിയിലിരിക്കുന്നതും ഏതെങ്കിലും ജന്മത്തിൽ പ്രയാസമായി തോന്നിയോ? സ്മൃതി സഹജമായിത്തന്നെ വരുന്നതു കാരണം സ്മൃതിസ്വരൂപമായി വന്നിരുന്നില്ലേ? അതിനാൽ ഈ അലൗകിക ജന്മത്തിലെ സ്വ-സ്വരൂപം സ്മൃതിയിൽ പ്രയാസമായി അനുഭവപ്പെടുന്നത് എന്തുകൊണ്ട് ? മനുഷ്യന് ആഗ്രഹിക്കുന്നത് ചെയ്യുവാൻ കഴിയും എന്നതാണ് മനുഷ്യന്റെ വിശേഷത എന്ന് സാധാരണക്കാരായ മധുഷ്യാത്മാക്കളെ കുറിച്ചുപോലും പറയാറുണ്ട്. മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള ഒരു മുഖ്യ വ്യത്യാസവും ഇതാണ്. സാധാരണ മനുഷ്യ ആത്മാവിനും ആഗ്രഹിക്കുന്നത് ചെയ്തുകാണിക്കുവാൻ കഴിയുമെന്നിരിക്കെ, ശ്രേഷ്ഠ മനുഷ്യ ആത്മാക്കളായ താങ്കൾക്ക്, ശക്തിസ്വരൂപമായ ആത്മാക്കൾക്ക്, നോളജ്ഫുൾ ആയ ആത്മാക്കൾക്ക്, ബാബയുടെ സമീപ സമ്പർക്കത്തിൽ വരുന്ന ആത്മാക്കൾക്ക്, ബാബയുടെ നേരിട്ടുള്ള പാലനമെടുക്കുന്ന ആത്മാക്കൾക്ക്, പൂജനീയരായ ആത്മാക്കൾക്ക്, ബാബയേക്കാൾ ശ്രേഷ്ഠ പദവി നേടുന്ന ആത്മാക്കൾക്ക് ആഗ്രഹിക്കുന്നത് ചെയ്യുവാൻ കഴിയില്ലേ? സാധാരണവും ശ്രേഷ്ഠവും തമ്മിലുള്ള അന്തരം എന്താണ്? സാധാരണ ആത്മാക്കൾക്ക് ആഗ്രഹിക്കുന്നത് ചെയ്യുവാൻ കഴിയും, പക്ഷെ എപ്പോൾ ആഗ്രഹിക്കുന്നുവോ, എങ്ങനെ ആഗ്രഹിക്കുന്നുവോ, അതുപോലെ ചെയ്യുവാൻ കഴിയില്ല. കാരണം അവരിൽ പ്രകൃതിയുടെ ശക്തിയുണ്ട്, ഈശ്വരീയ ശക്തിയില്ല. ഈശ്വരീയ ശക്തിയുള്ള ആത്മാക്കൾക്ക് എന്താഗ്രഹിക്കുന്നുവോ, എപ്പോൾ ആഗ്രഹിക്കുന്നുവോ, എങ്ങനെ ആഗ്രഹിക്കുന്നുവോ, അതുപോലെ ചെയ്യുവാൻ കഴിയും. അതിനാൽ എന്ത് വിശേഷത ഉണ്ടായിരിക്കുന്നുവോ, അതിനെ പ്രാവർത്തികമാക്കുവാൻ കഴിയില്ലേ? ആഗ്രഹിക്കുന്നില്ല പക്ഷെ സംഭവിച്ചുപോകുന്നു, എന്ത് ആഗ്രഹിക്കുന്നുവോ, അത് ചെയ്യുവാൻ കഴിയുന്നില്ല എന്ന് ഇപ്പോഴും താങ്കൾ പറയുകയാണോ? ഈ വാക്കുകൾ മാസ്റ്റർ സർവ്വശക്തിവാന്മാരുടെയും ശ്രേഷ്ഠ ആത്മാക്കളുടേതുമല്ല. സാധാരണ ആത്മാക്കളുടേതാണ്. ഏതെങ്കിലും വസ്തുവിനോടോ, വ്യക്തിയോടോ, ഏതെങ്കിലും വ്യക്ത ഭാവത്തോടോ അടുപ്പം ഉണ്ടാകുന്നത് എന്തുകൊണ്ട്? ഏത് വസ്തു കാണുന്നുവോ, അതിനെ ഈ അലൗകിക ജന്മത്തിലെ പ്രാപ്തിയുമായി തുലനം ചെയ്യുമ്പോൾ അതിൽ രാപ്പകലിന്റെ വ്യത്യാസം അനുഭവപ്പെടുന്നില്ലേ? വ്യക്തഭാവത്തിലൂടെ ലഭിച്ച ദുഃഖത്തിന്റെയും അശാന്തിയുടെയും അനുഭവം ഇനിയും മുഴുവനാക്കിയില്ലേ? ഏതെല്ലാം വ്യക്തികളെ കാണുന്നുവോ, ആ എല്ലാ വ്യക്തികൾ, പഴയ ലോകത്തിലെ ബന്ധങ്ങൾ, സംബന്ധങ്ങൾ എന്നിവ ഈ അലൗകിക ജന്മത്തോടെ സമാപ്തമാക്കിയില്ലേ. പുതിയ ജന്മം ഉണ്ടാകുമ്പോൾ പഴയ ജന്മത്തിലെ വ്യക്തികളോടുള്ള പഴയ സംബന്ധം സമാപ്തമായില്ലേ ? ജന്മം തന്നെ മാറിയപ്പോൾ അതിനോടൊപ്പം സംബന്ധവും കർമ്മവും മാറിയില്ലേ? അല്ലെങ്കിൽ ഇതുവരെയും അലൗകിക ജന്മം ഉണ്ടായിട്ടില്ല എന്ന് പറയേണ്ടി വരും. ജന്മം അലൗകികമായിരിക്കുകയും സംബന്ധം ലൗകികത്തോട് എന്തുകൊണ്ട്, കർമ്മവും എന്തുകൊണ്ട് ലൗകികം? ഇനി പറയൂ,

**ഡ്രാമയിലെ ഓരോ സെക്കന്റും ഏത് രീതിയിൽ നടക്കുന്നുവോ, എങ്ങനെ നടക്കുന്നുവോ,**
**അതുപോലെ മനസ്സ് ഡ്രാമയുടെ പാളത്തിലൂടെ സഞ്ചരിക്കണം.**
**ഇതാണ് മൻമനാ ഭവഃയുടെ ഗുഹ്യ അർത്ഥം**

നഷ്ടോമോഹ ആകുന്നത് സഹജമാണോ, പ്രയാസമാണോ? എന്തുകൊണ്ട് പ്രയാസം? കാരണം, മോഹം വരുന്ന നേരം തന്റെ മുഖം നോക്കുന്നില്ല. കണ്ണാടി കൂടെയില്ലേ? മുഖം നോക്കുമെങ്കിൽ മോഹം ഇല്ലാതാകും. സ്ഥൂലത്തിൽ പലർക്കും പിന്നെയും പിന്നെയും നോക്കുന്നതിന്റെ ശീലം കാണും. സ്വതവേ കണ്ണാടിയുടെ ഭാഗത്തേയ്ക്ക് പോകുന്നു. കാരണം, അഭ്യാസമാണ്.
ഇപ്പോഴും വീണ്ടും വീണ്ടും മറക്കുന്നതിന്റെ സംസ്കാരമാണ് ധാരണ ചെയ്തിരിക്കുന്നതെങ്കിൽ സ്മൃതിസ്വരൂപത്തിന്റെ ഏതൊരു ലഹരിയും സന്തോഷവുമാണോ പ്രാപ്തമാകേണ്ടത്, അത് എപ്പോൾ ചെയ്യും? സ്മൃതി സ്വരൂപത്തിന്റെ സുഖവും സ്മൃതിസ്വരൂപത്തിന്റെ സന്തോഷവും എന്തുകൊണ്ട് അനുഭവമാകുന്നില്ല? അതിന്റെ മുഖ്യ കാരണമെന്ത് ? ഇതുവരെയും സർവ്വ കാര്യങ്ങളോടും നഷ്ടോമോഹ ആയിട്ടില്ല. ആദ്യം നഷ്ടോമോഹ എവിടം വരെ ആയി എന്ന് സ്വയം പരിശോധിക്കൂ. വീണ്ടും വീണ്ടും ദേഹാഭിമാനത്തിൽ വരുന്നത്, ദേഹത്തിന്റെ മമത്വത്തിൽ നിന്നും ഉപരിയായില്ല, ദേഹത്തിന്റെ മോഹം നഷ്ടമാക്കിയില്ല എന്നത് തെളിയിക്കുന്നു. നഷ്ടോമോഹ ആകാത്തതു കാരണം സമയത്തെയും, ബാബയിലൂടെ സമ്പത്തായി ലഭിച്ചുകൊണ്ടിരിക്കുന്ന ശക്തികളെയും കൂടി നഷ്ടമാക്കുകയാണ്. ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.



# മഹാരഥികളുടെ മഹാവാക്യങ്ങൾ



## ദാദി പ്രകാശ്മണി

മുന്നോട്ട് പോകവേ, പലപ്പോഴും സ്ഥിതിയിൽ അല്പമൊക്കെ ഏറ്റക്കുറച്ചിലുകൾ വരുന്നു, അതുകാരണം വ്യവഹാരത്തിലും സംസാരരീതികളിലും വ്യത്യാസങ്ങൾ വരുന്നു. അന്തർമുഖതയുടെ ഭട്ഠി നമ്മളെ മനസ്സിന്റെ മൗനവും മുഖത്തിന്റെ മൗനവും പഠിപ്പിക്കുന്നു. ഇത് ഓരോരുത്തർക്കും ആവശ്യമാണ്. കാരണം നമുക്കേവർക്കും ഫരിശ്തയാണം. ഫരിശ്തയാകുകയെന്നാൽ ബാബയ്ക്ക് സമാനമാകുക. എന്റെ സ്ഥിതി എത്രത്തോളം അതായി ,എത്രത്തോളം വിജയിയായി എന്ന് പരിശോധിക്കണം. വിജയിയാകുവാൻ കഴിയുന്നത് അന്യോന്യം അവ്യക്ത കൂടിക്കാഴ്ച നടക്കുമ്പോഴാണ്. ഇതിനെയാണ് അധി മധുരമെന്നും, അതി പ്രിയത്രമെന്നും പറയുന്നത്. രാപ്പകൽ സേവനത്തിലിരിക്കുന്നുവെന്നത് ശരി തന്നെ, ബാബയുടെ സേവനമാണ്, എന്നാൽ സേവനം കൊണ്ടു മാത്രം ബാബയ്ക്ക് സമാനമായ സ്ഥിതി വരില്ല. അതിന് യോഗബലം വളരെ ആവശ്യമാണ്. ലൈറ്റ് ഹൗസും, പവർഹൗസും ആകണം. അത് ആകുന്നത് ഏകാന്തതയിലൂടെയാണ്. അതിനെയാണ് ബാബ, ഒന്നിന്റെ അന്തിമത്തിലേയ്ക്ക് പോകൂ എന്ന് പറയുന്നത്. ഇങ്ങനെ സദാ യോഗത്തിന്റെ ശ്രദ്ധ വച്ച് തപസ്സ് ചെയ്യൂ. അപ്പോൾ വളരെ ആഹ്ലാദം തോന്നും. ഈ തപസ്സിലൂടെ സ്വയം വിജയീരത്നമായും, മായാജീത്തായും, സംസ്കാരജീത്തായും അനുഭവം ഉണ്ടാകും. എന്റെ ശുഭഭാവനയിതാണ്– നാമെല്ലാവരും ബാബക്ക് റിസൾട്ട് കൊടുക്കണം–“ബാബ, ഇപ്പോൾ നമ്മൾ എല്ലാ കാരങ്ങളിൽ നിന്നും ഉപരിയാണ്, സമാനതയ്ക്ക് സമീപം ഇതാ എത്തിക്കഴിഞ്ഞു” എന്ന്. ഇതിനുവേണ്ടി അവിടെയും ഇവിടെയുമുള്ള ഏതെല്ലാം സൂക്ഷ്മമായ വ്യർത്ഥ സങ്കല്പങ്ങൾ വരുന്നുവോ, ചിന്തനങ്ങൾ നടക്കുന്നുവോ, അവയെല്ലാം മതിയാക്കൂ. സ്വീറ്റ് സൈലൻസിൽ ഇരിക്കുന്നത് അഭ്യസിക്കൂ. അപ്പോൾ സൂക്ഷ്മ സങ്കല്പങ്ങളിൽ, വ്യവഹാരത്തിൽ, സംസാരരീതികളിൽ, ഭാഷയിൽ പരിവർത്തനം വരും. അതിമധുരമായി മാറുകയും ചെയ്യും.

## ദാദി ഹൃദയമോഹിനി

അന്തിമ സമയം താങ്കളുടെയടുത്ത് നാല് പ്രകാരത്തിലുള്ള പരീക്ഷകൾ വരും. 1. മായയിലൂടെ. 2. പ്രകൃതിയിലൂടെ. 3. മോഹത്തിലൂടെ. 4. അശുദ്ധ ആത്മാക്കളും അന്തിമത്തിൽ യുദ്ധം ചെയ്തേക്കാം. എന്നാൽ യോഗയുക്തമാണെങ്കിൽ ഏത് പരീക്ഷയിലും നമുക്ക് സഹജമായി പാസാകുവാൻ കഴിയും. അതിനാൽ ബാബ മനസാ സേവനം അഭ്യസിപ്പിക്കുകയാണ്. കാരണം, അന്തിമ സമയത്ത് അകാലമൃത്യു ഉണ്ടാകുന്നതു കാരണം എല്ലാവരുടെയും തമോഗുണീ സംസ്കാരം പ്രകടമാകും. ആ സമയം അവർ നമ്മളോട് യുദ്ധം ചെയ്യുകയാണെന്നിരിക്കട്ടെ, നമുക്ക് മനസാ സേവനത്തിന്റെ അഭ്യാസമുണ്ടെങ്കിൽ, ആത്മാക്കൾക്ക് ശക്തി കൊടുക്കുന്ന സേവനത്തിൽ വ്യാപൃതരാകുമെങ്കിൽ പിന്നെ ഒരു അശുദ്ധ ആത്മാവിനും നമ്മുടെ മേൽ യുദ്ധം ചെയ്യുവാൻ കഴിയില്ല. ആ സമയം സ്വാധീനം ചെലുത്തൽ ഉണ്ടാകും, അതിനാൽ ഇപ്പോൾ മുതൽ അഭ്യാസം ആവശ്യമാണ്. ആ സമയം ബാബാ, ബാബാ എന്ന് പറയുന്നതിലൂടെ എന്തുണ്ടാകും? ബാബ കേൾക്കുകയില്ല. കാരണം, ബാബ പറയും, കാര്യസാധ്യത്തിനു വേണ്ടി എന്നെ ഓർമ്മിക്കുകയാണ്. അതിനാൽ പരീക്ഷ നടത്തൂ എന്ന് പറയും. സ്നേഹത്തോടെ ഓർമ്മിച്ചിട്ടില്ല, കാര്യസാധ്യത്തിനു വേണ്ടിയാണ് ഓർമ്മിച്ചത്. അതിനാൽ ബാബ മനസാ സേവനത്തിന്റെ ഏതൊരു വിധി പറഞ്ഞുതന്നിട്ടുണ്ടോ, അതിനെ വളരെയധികം ശ്രദ്ധയിൽ വയ്ക്കണം.
അന്തിമ സമയം പ്രകൃതിയുടെ ഇളക്കങ്ങളും വളരെയധികം വർദ്ധിക്കും. 5 തത്വങ്ങളും ഒരുമിച്ച് പ്രവർത്തിക്കും. ആ സമയത്തെ അവസ്ഥ എന്തായിരിക്കുമെന്ന് താങ്കൾ ചിന്തിച്ചു നോക്കൂ. അപ്പോൾ എത്രമാത്രം ശക്തി ആവശ്യമാണ്! വളരെക്കാലമായി സാധാരണ പുരുഷാർത്ഥമാണെങ്കിൽ, വിജയിയാകുന്നതിൽ മുന്നിലെ നമ്പർ എടുക്കുവാൻ കഴിയില്ല. മനസ്സിനെ എപ്പോൾ ആഗ്രഹിക്കുന്നുവോ,

എങ്ങനെ ആഗ്രഹിക്കുന്നുവോ, ഏത് ഗതിയിൽ നടത്തിക്കു വാൻ ആഗ്രഹിക്കുന്നുവോ, അവിടെ എന്റെ മനസ്സിന് പോകുവാൻ കഴിയണം. ഇതിനെയാണ് മനസ്സിനെ നിയന്ത്രിക്കുവാനുള്ള ശക്തി എന്ന് പറയുന്നത്. അനസ്സിനെ അടിയ്ക്കടി ബാബയുടെ നേർക്ക്, ഒന്നിന്റെ മാത്രം നേർക്ക് വിനിയോഗിച്ചുകൊണ്ടിരിക്കണം. ഇവിടെയും അവിടെയു മെല്ലാം ചഞ്ചലമായിക്കൊണ്ടിരിക്കരുത്. സമസ്യകൾ എല്ലായിടത്തും വരും. സമസ്യകൾ തീർന്ന ശേഷം ഞാൻ ശരിയായിക്കൊള്ളാം എന്നത് പാടില്ല. സമസ്യകൾ കൂടുതൽ വർദ്ധിക്കും. മായയും, പ്രകൃതിയുമെല്ലാം അന്തിമത്തിൽ അവരുടെ അവസരമെടുക്കും. വ്യക്തികളും, വൈഭവങ്ങളും അവയുടെ നേർക്ക് വലിക്കും. ഏതിന്റെ കർമ്മ-കണക്ക് അവശേഷിച്ചിരിക്കുന്നുവോ, അത് അതിന്റെ നേർക്ക് വലിക്കും. ഇതെല്ലാം സംഭവിക്കും. സൂക്ഷ്മമായെ ങ്കിലുമുള്ള ഏതിന്റെയെങ്കിലും അംശം വംശമായേക്കും. ഓരോ വികാരത്തിനും അംശമുണ്ട്. കാമത്തിന്റെ അംശമായി കാമനകളുമുണ്ട്. അംശത്തിന്റെ വംശം ജനിക്കും. അതിനാൽ ഓരോ വികാരത്തെയും പരിശോ ധിക്കൂ. എനിക്ക് ദേഷ്യം വരുന്നില്ലല്ലോ എന്ന് ബാഹ്യരൂപ ത്തിലുള്ള പരിശോധനയല്ല, എന്നാൽ അങ്ങനെ യുള്ള ഏതെങ്കിലും കാര്യം ഉണ്ടാകുമ്പോൾ ഞാൻ ആവേശത്തിൽ വരുന്നുണ്ടോ? പിന്നെ മുൻകോപം വരുന്നു. ക്ഷീണം ഉണ്ടായിരിക്കുമ്പോൾ ഏതെങ്കിലും കാര്യം വന്നാലും മുൻകോപം വരുന്നു, ഇതും അംശമല്ലേ. അതിനാൽ ഏതെങ്കിലും വികാരത്തിന്റെ അംശം എന്റെയടുത്ത് അവശേഷിക്കുന്നില്ലല്ലോ എന്ന് പരിശോധിക്കൂ. മനസ്സിന്റെ മേൽ നിയന്ത്രണം ഉണ്ടായിരിക്കണം, അപ്പോഴാണ് വിജയിയാകുവാൻ കഴിയുന്നത്.

**ദാദി ജാനകി**

കർമ്മത്തിന്റെ ശക്തിയും സർവ്വശക്തിവാന്റെ ശക്തിയും- രണ്ടും മഹാനാണ്. ഞാൻ ഈ വിശ്വത്തിന്റെ അരങ്ങിൽ വന്നിരിക്കുന്നത് എന്റെ ഭാഗം അഭിനയിക്കുവാനാണ്. ഈശ്വരൻ എന്നെ നിമിത്തമാക്കിയിരിക്കുകയാണ്. കർമ്മത്തിന്റെ ഉന്നതമായ ഫലം പ്രാപ്തമാക്കുവാൻ എനിക്കിപ്പോൾ അങ്ങനെയുള്ള കർമ്മങ്ങൾ അനുഷ്ഠി ക്കേണ്ടതുണ്ട്. സത്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന്റെ ഫലമാണ്- പവിത്രത, ശാന്തി, സ്നേഹം, സന്തോഷം, ശക്തി. സർവ്വശക്തിവാനിൽ നിന്നും നമ്മൾ ശക്തിയെടു ക്കുമ്പോൾ ആ ശക്തി നമ്മുടെ കർമ്മത്തിൽ വരുന്നു, ഈ 5 ഫലങ്ങൾ നമ്മൾ പ്രാപ്തമാക്കുകയും ചെയ്യുന്നു. അശുഭകർമ്മങ്ങൾ ചെയ്യുന്നത് സമാപ്തമാക്കുന്നതിനും, ശുഭകർമ്മങ്ങൾ ചെയ്യുന്നതിനും ആദ്യം സർവ്വശക്തി വാനിൽ നിന്നും ശക്തിയെടുക്കേണ്ടതുണ്ട്. ഇത് സഹജമായ വഴിയാണ്. ഈ വഴിയിലൂടെ മുന്നോട്ട് പോകുമ്പോൾ ജീവിതം സഹജമാകുന്നു. എല്ലാവർക്കും ശ്രേഷ്ഠമായ ജീവിതം നയിക്കുവാൻ ആഗ്രഹമുണ്ട്. നമ്മൾ ശ്രേഷ്ഠമായ ജീവിതം സന്തോഷപൂർവ്വം നയിക്കുന്നത് അന്യർ കാണുമ്പോൾ, അവർക്കും അതുപോലെ ചെയ്യുവാനുള്ള പ്രേരണ ലഭിക്കുന്നു. ഇത് ആത്മാവിന് ഉന്നതമായ ഭാഗ്യമുണ്ടാക്കുന്നതിനുള്ള ഉപാധിയാണ്. അതുതന്നെയാണ് ഭഗവാൻ നമ്മെ പഠിപ്പിക്കുന്നത്. ഭഗവാന്റെ ശക്തിയെടു ക്കുന്നതിലൂടെ വികാരങ്ങളെ ഇല്ലാതാക്കുവാൻ കഴിയുന്നു, ക്രോധം ഇല്ലാതാക്കുവാൻ കഴിയുന്നു. "എന്ത് സംഭവിക്കും എങ്ങനെ സംഭവിക്കും" എന്ന ചോദ്യങ്ങൾ ഈശ്വരന്റെ ശക്തിയെടുക്കുന്നതിലൂടെ ഒരിക്കലും ചോദിക്കേണ്ടി വരില്ല. ചോദ്യങ്ങൾ ചോദിച്ചു കൊണ്ടിരുന്നാൽ മുന്നോട്ട് പോകുന്നത് അസാധ്യമാകും. നമുക്ക് അറിവിന്റെ പ്രകാശം ലഭിച്ചു. ആ പ്രകാശം നമുക്ക് ഉൾക്കാഴ്ച നൽകി. സത്യമെന്താണ്, അസത്യമെന്താണ്, പുണ്യമെന്ത്, പാപമെന്ത് എന്ന് ഇപ്പോൾ നമ്മുടെ കർമ്മങ്ങളിൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

ഇപ്പോൾ പവിത്രതയുടെ ആഴങ്ങളിലേയ്ക്ക് പോകൂ. സങ്കല്പത്തിലും, വാക്കിലും, കർമ്മത്തിലും അത് ധാരണ ചെയ്യൂ. പവിത്രത ശാന്തിയുടെ ജനനിയാണ്. പവിത്രത യിലൂടെ ഹൃദയം ശുദ്ധമാകുന്നു. ഭഗവാന്റെ ജ്ഞാനം ധാരണ ചെയ്യുന്നതിന് ബുദ്ധി വളരെ സ്വച്ഛമായിരിക്കണം. ബുദ്ധി സ്വച്ഛമാകുന്നത് സർവ്വശക്തിവാനുമായി ബന്ധം യോജിക്കുമ്പോഴാണ്. ആ ബന്ധത്തിലൂടെയാണ് ആത്മാവിൽ പ്രകാശം വന്നുചേരുന്നത്. ഈശ്വരൻ എന്റെ ശിക്ഷകനാണ്, പിതാവാണ്, സത്ഗുരുവാണ് - ഈ ബന്ധങ്ങൾ വയ്ക്കൂ, പിന്നെ ആ ഒന്നിൽ നിന്നും ശക്തി സ്വരൂപിക്കുവാൻ കഴിയും. പവിത്രതയിലൂടെ സത്യത വരുന്നു, അതിലൂടെ ദിവ്യത വരുന്നു.

ചെറിയ കാര്യങ്ങളിൽ പോലും ക്ഷമയോടെ ഇരിക്കുവാൻ പഠിക്കൂ. അക്ഷമരാകാൻ സ്വയം അനുവദിക്കരുത്. ജീവിതത്തിൽ ക്ഷമ വളരെ ആവശ്യമാണ്. അതിനു ശേഷം വരുന്നതാണ് വിനയം. വിനയവും ഒരു മഹത്തായ ഗുണമാണ്. പിന്നെ മാധുര്യം ധാരണ ചെയ്യൂ. മധുരമായി സംസാരിക്കൂ. ഭഗവാൻ എത്ര മധുരമായാണ് സംസാ രിക്കുന്നത്. മധുരവാക്കുകളാണ് ഉച്ചരിക്കുന്നത്. അതിനാൽ മധുരിമ ജീവിതത്തിൽ കൊണ്ടുവരൂ. ഗീത പറയുന്നു- ഈ ലോകത്തിൽ ഇരിക്കവെ ഈശ്വരനുമായി ബന്ധം സ്ഥാപിക്കണമെന്ന്. ഇതാണ് നാം പുലർത്തേണ്ട ശ്രദ്ധ. ആ ഒന്നിന്റെ ഓർമ്മയിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ നമ്മൾ എന്ത് കർമ്മം ചെയ്താലും അത് അതീവ ശ്രേഷ്ഠമാ യിരിക്കും. നിങ്ങളെ കാണുമ്പോൾ, ഈശ്വരൻ തന്റെ കാര്യം നിങ്ങളിലൂടെ നിറവേറ്റുകയാണ് എന്ന് മറ്റുള്ളവർക്ക് തോന്നും.

ദിവ്യതയെന്നാൽ

**ദിവ്യഗുണങ്ങളുടെ ആധാരത്തിൽ**

**ചിന്തിക്കുക, പറയുക, പ്രവർത്തിക്കുക**

# പഞ്ച തത്ത്വങ്ങൾ



*അവ്യക്ത ബാപ്ദാദ*

കലിയുഗത്തിൽ 5 തത്ത്വങ്ങളും ചതിയിൽപെടുത്തുകയും ദുഃഖം തരുകയും ചെയ്യുന്നു. സത്യയുഗത്തിൽ ഇതിന്റെ പരിവർത്തനമുണ്ടാകും. രൂപം മാറും. സത്യയുഗത്തിൽ ഈ 5 തത്ത്വങ്ങളും സുഖത്തിനുള്ള ഉപാധികളാകും.

ഈ സൂര്യൻ താങ്കളുടെ ആഹാരം തയ്യാറാക്കും. പാചകക്കാരനാകും. .

ഈ വായു താങ്കളുടെ പൃകൃത്യാ ഉള്ള വിശറിയാകും. താങ്കൾക്ക് മാനസികോല്ലാസത്തിനുള്ള സാധനമാകും. കാറ്റ് വീശുമ്പോൾ വൃക്ഷമാടും, ആ ശിഖങ്ങൾ ആടുമ്പോൾ സ്വതവേ പല തരത്തിലുള്ള നാദങ്ങളുതിർന്ന കൊണ്ടിരിക്കും. അപ്പോൾ മനോരഞ്ജനത്തിന്റെ സാധനമായില്ലേ.

ഈ ആകാശം താങ്കൾക്കുള്ള രാജവീഥിയാകും. വിമാനം എവിടെ പറപ്പിക്കും? ഈ ആകാശമാണ് താങ്കളുടെ വീഥിയാകുക. ഇത്രയും വലിയ ഹൈവേ മറ്റെവിടെയെങ്കിലുമുണ്ടോ? വിദേശത്തുണ്ടോ? എത്ര മൈലുകളുടേത് ഉണ്ടാക്കിയാലും ആകാശത്തിലെ വീഥിയേക്കാൾ ചെറുതായിരിക്കുമല്ലോ. ഇത്രയും വലിയ വീഥി ഏതെങ്കിലുമുണ്ടോ? അമേരിക്കയിലുണ്ടോ? അതും അപകടങ്ങളില്ലാത്ത വീഥി ഉണ്ടാകുമോ? 5 വയസ്സുള്ള കുട്ടി പറപ്പിച്ചാൽ പോലും വീഴുകയില്ല. മനസ്സിലായോ?

ഈ ജലം അത്തറിന്റെയും സുഗന്ധതൈലത്തിന്റെയും കാര്യം ചെയ്യും. പച്ചമരുന്നുകൾ കാരണം ഗംഗാജലം ഇപ്പോൾ പോലും മറ്റ് ജലത്തേക്കാൾ പവിത്രമാണ്. അതുപോലെ, സുഗമുള്ള പച്ചമരുന്നുകൾ ഉള്ളതുകാരണം ജലത്തിന് നൈസർഗ്ഗികമായ സുഗന്ധം ഉണ്ടാകും. ഇവിടെ പാൽ ശക്തി തരുന്ന, അതുപോലെ അവിടെ ജലം പോലും ശക്തിശാലിയായിരിക്കും. സ്വച്ഛമായിരിക്കും. അതിനാലാണ് പാലിന്റെ നിദികൾ ഒഴുകുന്നവെന്ന് പറയുന്നത്. എല്ലാവർക്കും ഇപ്പോഴേ സന്തോഷമായില്ലേ.

അതുപോലെ, ഈ പൃഥ്വിയും ശ്രേഷ്ഠ ഫലങ്ങൾ തരും, ഏതെല്ലാം വ്യത്യസ്ത രുചികൾ ആഗ്രഹിക്കുന്നുവോ, ആ രുചിയിലുള്ള ഫലം താങ്കളുടെ മുന്നിൽ ഹാജരാകും. ഈ ഉപ്പ് കാണുകയില്ല. പഞ്ചസാരയും കാണുകയില്ല. ഇപ്പോൾ പുളിപ്പിനുവേണ്ടി തക്കാളിയുണ്ട്, അത് ചേർക്കുമ്പോൾ പുളിപ്പ് വരുന്നില്ലേ. അതുപോലെ താങ്കൾക്ക് ഏത് രുചി വേണമോ, അതിന്റെ ഫലം ഉണ്ടാകും. ചാറ് ഒഴിക്കുമ്പോൾ ആ രുചി വരും.

ഈ പൃഥ്വിയും ശ്രേഷ്ഠ ഫലം, ശ്രേഷ്ഠ അന്നം നൽകുന്നതിന്റെ സേവനം ചെയ്യും. പിന്നെ രണ്ടാമതായി, പൃകൃതി ദൃശ്യങ്ങൾ, പൃകൃത്യായുള്ളത്, പർവ്വതങ്ങളും ഉണ്ടാകും. ഇങ്ങനെ നീണ്ട പർവ്വതങ്ങളല്ല, പൃകൃതി സൗന്ദര്യമുള്ള വിഭിന്ന രൂപത്തിലെ പർവ്വതങ്ങൾ ഉണ്ടാകും. ചിലത് പറവകളുടെ രൂപത്തിൽ, ചിലത് പൂക്കളുടെ രൂപത്തിൽ. ഇങ്ങളെ പൃകൃത്യാ നിർമ്മിക്കപ്പെട്ടവ ഉണ്ടാകും. നിമിത്തമാത്രം നിങ്ങൾക്ക് തൊടുകയേ വേണ്ടി വരികയുള്ളൂ. ഇപ്രകാരം 5 തത്ത്വങ്ങളും സേവാധാരിയായി മാറും.

---

*സദാ സുഖസാഗരത്തിൽ ലയിച്ചിരിക്കുവാൻ................*

അന്തർമുഖരാകൂ. അന്തർമുഖി സദാ സുഖി. ബാബ സുഖസാഗരമാണ്, അപ്പോൾ കുട്ടികളും സുഖസാഗരത്തിൽ ലീനമായിരിക്കും. സുഖദാതാവിന്റെ കുട്ടികൾ സ്വയവും സുഖദാതാക്കളാണ്, സർവ്വ ആത്മാക്കൾക്കും സുഖത്തിന്റെ ഖജനാവ് പങ്കുവയ്ക്കുന്നവരുമാണ്. ആര് വന്നാലും, ഏത് ഭാവനയിൽ വന്നാലും ആ ഭാവന താങ്കളിലൂടെ പൂർത്തിയാക്കി പോകട്ടെ. സർവ്വ സമ്പന്നമൂർത്തിയായി മാറൂ. ബാബയുടെ ഖജനാവിൽ അപ്രാപ്തമായ ഒരു വസ്തുവുമില്ലാത്തതുപോലെ കുട്ടികളും ബാബയ്ക്ക് സമാനം തൃപ്ത ആത്മാക്കളായിരിക്കും.

*അവ്യക്ത ബാപ്ദാദ*

---



# സ്വദർശനചക്രധാരി

ബാപ്ദാദ സംഗമത്തിൽ കുട്ടികൾക്ക് ആദ്യം തരുന്ന ടൈറ്റിലാണ് സ്വദർശന ചക്രധാരി. മാസ്റ്റർ ജ്ഞാന സാഗരമെന്നോ നോളജ്ഫുൾ എന്നോ, സ്വദർശന ചക്രധാരിയെന്നോ പറഞ്ഞാലും, കാര്യം ഒന്നുതന്നെ. എത്രത്തോളം സ്വദർശനചക്രധാരിയാകുമോ, അത്രയും മായാജീത്ത് ആകും. സ്വദർശനചക്രധാരിയാകുന്നതിലൂടെ സ്വരാജ്യത്തിന്റെയും വിശ്വരാജ്യത്തിന്റെയും അധികാരിയാകുന്നു. ഇപ്പോൾ സ്വരാജ്യാധികാരി ആയിക്കഴിഞ്ഞുവോ? ഇപ്പോൾ സ്വരാജ്യാധികാരി ആകുന്നവർക്കാണ് വിശ്വരാജ്യാധികാരി ആകുവാൻ കഴിയുന്നത്.

സദാ സ്വദർശനചക്രധാരിയായി മനസ്സിലാക്കുക മാത്രമാണോ അതോ എല്ലാ സമയവും അനുഭവം ഉണ്ടാകുന്നുവോ? ഒന്നാണ് മനസ്സിലാക്കുക , മറ്റൊന്നാണ് സ്വരൂപത്തിൽ കൊണ്ടുവരുക അതായത് അനുഭവിക്കുക. അനേകം വ്യർത്ഥ ചക്രങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി

സ്വദർശനചക്രം ഓർമ്മിക്കണം. സദാ തന്റെ അലങ്കാരങ്ങൾ നോക്കണം, സ്വദർശനചക്രം ചലിച്ചുകൊണ്ടിരിക്കുന്നുവോ? സ്വദർശനചക്രം ചലിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അനേക പ്രകാരത്തിലുള്ള മായയുടെ വിഘ്നങ്ങളുടെ ചക്രത്തിൽ വരില്ല. എല്ലാ ചക്രങ്ങളിൽ നിന്നും സ്വദർശനം രക്ഷിക്കും. പരദർശനം മായയെ ആഹ്വാനം ചെയ്യും, സ്വദർശനം മായയെ വെല്ലുവിളിക്കും. സ്വദർശനചക്രധാരിയാണ് ഭാവിയിലും ഛത്രധാരിയാകുന്നത്.

### സ്വദർശനചക്രധാരിയുടെ ലക്ഷണങ്ങൾ

ഇപ്പോഴും പ്രകാശത്തിന്റെ ഛത്രധാരിയായി കാണപ്പെടും സദാ മായയുടെ അനേക പ്രകാരത്തിലുള്ള ചക്രങ്ങളിൽ നിന്നും മുക്തമായിരിക്കും. ദേഹത്തിന്റെ സ്മൃതിയുടെ അനേകം വ്യർത്ഥ സങ്കല്പങ്ങളുടെ ചക്രത്തിൽ നിന്നും, ലൗകികവും അലൗകികവുമായ ബന്ധങ്ങളുടെ ചക്രത്തിൽ നിന്നും, തന്റെ അനേക ജന്മങ്ങളിലെ സ്വഭാവസംസ്കാരങ്ങളിൽ നിന്നും, പ്രകൃതിയിലെ അനേക പ്രകാരത്തിലുള്ള ആകർഷണങ്ങളിൽ നിന്നും സദാ മുക്തമായിരിക്കും. മറ്റ് ആത്മാക്കളെയും ബാബയിൽ നിന്നും പ്രാപ്തമായ ശക്തികൾ കൊണ്ട് അനേകം ചക്രങ്ങളിൽ നിന്നും സഹജമായിത്തന്നെ വിടുവിക്കും. സ്വദർശനചക്രധാരി ഇടയ്ക്ക് കറയുന്ന കലയും ഇടയ്ക്ക് ഇറങ്ങുന്ന കലയുടെയും ചക്രം തിരിക്കുകയില്ല. ആത്മാവിന്റെ ഈ ചക്രം, 5000 വർഷത്തിന്റെ വിസ്താരത്തിന്റെ സാരമാണ് – ഇന്നലെ എന്തായിരുന്നു, ഇന്ന് എന്താണ്, നാളെ എന്താകും. ചക്രം ഒരു വിരലിൽ കാണിക്കുന്നത് – ഞാൻ ബാബയുടെത് ബാബ എന്റേത് എന്ന ഏക സങ്കല്പമാണ്

# ആശീർവ്വാദങ്ങൾ

*അവ്യക്ത ബാപ്ദാദ*

ദിവ്യഗുണധാരിയുടെ മുഖ്യ ലക്ഷണം എന്തായിരിക്കും? സന്തുഷ്ടമായിരിക്കുക, സർവ്വരെയും സന്തുഷ്ടമാക്കുക. അവർക്ക് എല്ലാവരുടെയും സന്തുഷ്ടതയുടെ ആശീർവ്വാദങ്ങൾ പ്രാപ്തമാകും. അതായത് ഈശ്വരീയ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് പ്രാപ്തമാകും.

ആർക്ക് ഏത് വസ്തു നൽകണമോ, അത് നൽകുന്നതിലൂടെ ആ ആത്മാവിൽ നിന്നും ആശീർവ്വാദങ്ങൾ പുറപ്പെടുന്നു. ആർക്കെങ്കിലും സുഖം നൽകുമെങ്കിൽ, അവരുടെ ഉള്ളിൽ ഇന്നും താങ്കളുടെ നേർക്ക് ആശീർവ്വാദങ്ങൾ വരും.

ഓരോ കർമ്മത്തിലൂടെയും മഹാദാനിയാകുന്നവർക്ക് സർവ്വരുടെയും ആശീർവ്വാദങ്ങൾ പ്രാപ്തമാകുന്നു, അതുകാരണം, സർവ്വ വരദാനങ്ങളുടെയും പ്രാപ്തി സ്വന്തം ജീവിതത്തിൽ അനുഭവിക്കും.

എത്രത്തോളം സർവ്വ ആത്മാക്കളുടെയും സന്തുഷ്ടതയുടെ ആശീർവ്വാദവും സൂക്ഷ്മ സ്നേഹവും സഹയോഗത്തിന്റെയും മറുപടി ലഭിക്കുന്നുവോ, എങ്കിൽ അത്രത്തോളം സമ്പൂർണ്ണതയുടെ സമീപം വന്നുചേർന്നുവെന്ന് മനസ്സിലാക്കൂ.


ആത്മാക്കൾക്ക് സുഖവും ശക്തിയും, ജ്ഞാനവും എത്രത്തോളം നൽകുന്നുവോ, അത്രയും ആത്മാക്കളുടെ പ്രാപ്തിയുടെ ധ്വനി അഥവാ കൃതജ്ഞത പുറപ്പെടുന്നത് താങ്കൾക്കുള്ള ആശീർവ്വാദത്തിന്റെ രൂപമായി മാറുന്നു. അവരുടെ ആശീർവ്വാദങ്ങൾ താങ്കളെ മുന്നോട്ട് കൊണ്ടുപോയ്ക്കൊണ്ടിരിക്കും. ഇത്രയും ആത്മാക്കളുടെ ആശീർവ്വാദം ലഭിക്കുന്നതിലൂടെ അപാര സന്തോഷം ഉണ്ടായിരിക്കും. അതിനാൽ നാല് വിഷയങ്ങളിലും മഹാദാനിയാകുന്നതിനു വേണ്ടി അമൃതവേളയിൽ തന്റെ പ്രോഗ്രാം തയ്യാറാക്കൂ. ഒരു വിഷയത്തിൽ പോലും കുറവ് വരരുത്.

പരോപകാരികളായ ആത്മാക്കൾ സർവ്വ ആത്മാക്കളുടെയും ഹൃദയത്തിൽ നിന്നുള്ള ആശീർവ്വാദങ്ങളുടെ അധികാരിയാകുന്നു.

തനിക്കുവേണ്ടിയും ഓരോ ചുവടും മംഗളകരമാകണം. അപ്പോഴാണ് വിശ്വമംഗളം സാധ്യമാകുന്നത്. സദാ നിമിത്തമാത്രം ഈ കാര്യം ചെയ്യുകയാണ് എന്ന് സദാ ഓർമ്മയുണ്ടാകണം, ഞാനെന്ന ഭാവം സമാപ്തമാകണം. നിമിത്തമാത്രം എന്നത് ഓർമ്മയിലിരുന്ന് സേവനം ചെയ്യുന്നതിലൂടെ ബാബയുടെ ഓർമ്മ സ്വതവേ വരുന്നു, വിശ്വത്തിലെ അനേകം ആത്മാക്കളുടെ ആശീർവ്വാദങ്ങൾ ലഭിക്കുകയും ചെയ്യുന്നു.

മംഗളാർത്ഥം കുനിയേണ്ടി വന്നാൽ അത് കുനിയലല്ല, മഹാനതയാണ്. അനേകരുടെ സേവനാർത്ഥം മഹാന് കുനിയേണ്ടിത്തന്നെ വരുന്നു. ഇതിൽ വിശേഷ ശ്രദ്ധ വയ്ക്കൂ. ഇതിൽ തന്നെയാണ് അലക്ഷ്യം വരുന്നതും. ഞാൻ ശരിയാണ് എന്ന് ചിന്തിക്കുന്നു. ശരിയായിക്കൊള്ളട്ടെ, എന്നാൽ ആർക്ക് ശരിയായി ഇരിക്കുവാൻ അറിയാമോ, അവർക്ക് സ്വയംതന്നെ മോൾഡ് ചെയ്യുവാനും കഴിയും. മറ്റുള്ളവർക്ക് എന്റെ ഏതെങ്കിലും പെരുമാറ്റത്തിലൂടെ ഏതെങ്കിലും സങ്കല്പം ഉത്പന്നമാകുന്നുവെങ്കിൽ, സ്വയം മോൾഡ് ചെയ്യുന്നതിൽ എന്ത് നഷ്ടമാണുള്ളത്? എല്ലാവരുടെയും ആശീർവ്വാദങ്ങൾ ലഭിക്കുകയും ചെയ്യും. ഈ ആശീർവ്വാദങ്ങളും നേട്ടം തന്നെയല്ലേ?

## പുതിയ ചിന്തകൾ



**സന്തോഷം കണ്ടെത്താനാകുന്നില്ലെങ്കിൽ അത് സൃഷ്ടിയ്ക്കൂ**